**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ല - സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ആലക്കോട് ഗ്രാമപഞ്ചായത്തിന് ധനസഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 2548/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 03/10/2018

---

പരാമർശം:- 1).ആലക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24/11/2017 ലെ എ 2-2488/2017 നമ്പർ കത്ത്.
2) പഞ്ചായത്ത് ഡയറക്ടറുടെ 06/07/2018 ലെ എഫ്3-2020/2018 ലെ കത്ത്.

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലയിലെ ആലക്കോട് ഗ്രാമപഞ്ചായത്ത് സാമ്പത്തിക പരാധീനതമൂലം ദൈനംദിന കാര്യങ്ങൾ പോലും നിറവേറ്റുന്നതിനായി ബുദ്ധിമുട്ട് അനുഭവപ്പെടുന്നു എന്നും ജീവനക്കാർക്ക് ശമ്പളം നൽകാൻ കഴിയാത്ത സ്ഥിതിയിൽ ആണെന്നും ആയതിനാൽ ടി പഞ്ചായത്തിന്റെ സാമ്പത്തിക പിന്നോക്കാവസ്ഥ മനസ്സിലാക്കി അടിയന്തര ധനസഹായം അനുവദിക്കണമെന്നും പരാമർശം (1) പ്രകാരം ആലക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിരുന്നു. അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ കേരളത്തിനു നൽകിയ അവാർഡ് തുകയാണ് പീസ് ഫണ്ടിൽ ഉള്ളതെന്നും, സംസ്ഥാനത്ത് പിന്നോക്കം നില്ക്കുന്ന ഗ്രാമപഞ്ചായത്തുകളെ വികസനത്തിന്റെ മുഖ്യ ധാരയിലേയ്ക്ക് കൊണ്ടു വരുന്നതിനും അവരുടെ വിഭവ സ്രോതസ്സുകൾ വികസിപ്പിക്കുന്നതിനുമുള്ള പദ്ധതികൾക്ക് ടി ഫണ്ടിൽ നിന്നും തുക വിനിയോഗിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെന്നും, ആലക്കോട് ഗ്രാമപഞ്ചായത്തിന്, പീസ് ഫണ്ടിൽ നിന്നും തുക അനുവദിയ്ക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനമെടുക്കാവുന്നതാണെന്നും പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ആലക്കോട് ഗ്രാമപഞ്ചായത്തിന് ധനസഹായമായി പീസ് ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ (പത്ത് ലക്ഷം രൂപ) നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ബീനമോൾ കെ.ജെ
**ഡെപ്യൂട്ടി സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
പ്രസിഡന്റ്/സെക്രട്ടറി, ആലക്കോട് ഗ്രാമപഞ്ചായത്ത്, കലയന്താനി പി.ഒ, ഇടുക്കി - 685588
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ